| 19-09-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഈ പരിധിയില്ലാത്ത നാടകത്തിൽ നിങ്ങൾ ആത്മാക്കൾക്ക് അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്, ഇപ്പോൾ നിങ്ങൾക്ക് ഈ ശരീരമാകുന്ന വസ്ത്രം അഴിച്ച് വെച്ച് വീട്ടിലേക്ക് പോകണം, പിന്നീട് രാജധാനിയിൽ വരണം**

**ചോദ്യം:-** ബാബ ഒരു കാര്യവും പ്രേരണയിലൂടെയല്ല ചെയ്യുന്നത്, ബാബയുടെ അവതരണമാണ് ഉണ്ടാകുന്നത്, ഇത് ഏത് കാര്യത്തിലൂടെയാണ് വ്യക്തമാകുന്നത്?
**ഉത്തരം:-** ബാബയെ പറയുന്നത് തന്നെ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമെന്നാണ്. പ്രേരണയുടെ അർത്ഥം ചിന്തയെന്നാണ്. പ്രേരണയിലൂടെയല്ല പുതിയ ലോകത്തിന്റെ സ്ഥാപന ഉണ്ടാകുന്നത്. ബാബ കുട്ടികളിലൂടെ സ്ഥാപന ചെയ്യിക്കുന്നു, കർമ്മേന്ദ്രിയങ്ങളില്ലാതെ ഒന്നും ചെയ്യിപ്പിക്കാൻ സാധിക്കില്ല അതുകൊണ്ട് ബാബക്ക് ശരീരം എടുക്കേണ്ടതായുണ്ട്.

**ഓം ശാന്തി**. ആത്മീയ കുട്ടികൾ ആത്മീയ അച്ഛന്റെ മുന്നിൽ ഇരിക്കുന്നു. അഥവാ ആത്മാക്കൾ തന്റെ അച്ഛന്റെ മുന്നിൽ ഇരിക്കുന്നു. ആത്മാവ് തീർച്ചയായും ശരീരത്തോടൊപ്പം തന്നെയാണ് ഇരിക്കുക. ബാബയും എപ്പോഴാണോ ശരീരമെടുക്കുന്നത് അപ്പോഴാണ് സന്മുഖത്ത് വരുന്നത് ഇതിനെത്തന്നെയാണ് പറയുന്നത് ആത്മാവും-പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു. . . . നിങ്ങൾ കുട്ടികൾക്കറിയാം ഉയർന്നതിലും ഉയർന്ന ബാബക്ക് തന്നെയാണ് ഈശ്വരൻ, പ്രഭു, പരമാത്മാ എന്നീ ഭിന്നമായ പേരുകൾ നൽകിയിട്ടുള്ളത്, പരമാത്മാവെന്ന് ഒരിക്കലും ലൗകീക പിതാവിനെയല്ല പറയുന്നത്. കേവലം പരം പിതാവെന്ന് എഴുതിയാലും പ്രശ്നമില്ല. പരംപിതാവെന്നാൽ സർവ്വരുടെയും പിതാവ് എന്നർത്ഥം.അത് ഒരാളാണ്. കുട്ടികൾക്കറിയാം നമ്മൾ പരംപിതാവിനോടൊപ്പമാണ് ഇരിക്കുന്നത്. പരംപിതാ പരമാത്മാവും നമ്മൾ ആത്മാക്കളും ശാന്തിധാമത്തിലെ നിവാസികളാണ്. ഇവിടെ പാർട്ടഭിനയിക്കാൻ വരുന്നതാണ്, സത്യയുഗം മുതൽ കലിയുഗം അവസാനം വരെ പാർട്ടഭിനയിച്ചു, ഇപ്പോൾ ഇതാണ് പുതിയ രചന. രചയിതാവായ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ കുട്ടികൾ ഇങ്ങനെയുള്ള പാർട്ടഭിനയിച്ചു. മുൻപ് നമ്മൾ 84 ജന്മങ്ങളുടെ ചക്രം കറങ്ങിയിട്ടുണ്ടായിരുന്നു എന്നറിയില്ലായിരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളോട്,ആരാണോ 84 ന്റെ ചക്രം കറങ്ങിയത് അവരോട് മാത്രമാണ് ബാബ സംസാരിക്കുന്നത്, എല്ലാവർക്കും 84 ജന്മമെടുക്കാൻ സാധിക്കില്ല. ഇത് മനസ്സിലാക്കിക്കൊടുക്കണം അതായത് 84 ന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്. അല്ലാതെ ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യം തന്നെയില്ല. കുട്ടികൾക്കറിയാം നമ്മൾ ഓരോ അയ്യായിരം വർഷങ്ങൾക്ക് ശേഷവും പാർട്ടഭിനയിക്കാൻ വരുന്നു. നമ്മൾ പാർട്ട്ധാരികളാണ്. ഉയർന്നതിലും ഉയർന്ന ഭഗവാന്റേതും വിചിത്രമായ പാർട്ടാണ്. ബ്രഹ്മാവിന്റേതും വിഷ്ണുവിന്റേതും വിചിത്രമായ പാർട്ടെന്ന് പറയില്ല. രണ്ട് പേരും തന്നെ 84 ന്റെ ചക്രം കറങ്ങുന്നുണ്ട്. ബാക്കി ശങ്കരന്റെ പാർട്ട് ഈ ലോകത്തിലില്ല. ത്രിമൂർത്തിയിൽ കാണിക്കുന്നുണ്ട് - സ്ഥാപന, വിനാശം, പാലന. ചിത്രങ്ങളിലൂടെ മനസ്സിലാക്കിക്കൊടുക്കണം. ഏതൊരു ചിത്രമാണോ കാണിക്കുന്നത് അതിലൂടെ മനസ്സിലാക്കിക്കൊടുക്കണം. സംഗമയുഗത്തിൽ പഴയ ലോകത്തിന്റെ വിനാശം സംഭവിക്കുക തന്നെ വേണം. പ്രേരിപ്പിക്കുന്നവൻ എന്ന വാക്കുതന്നെ ശരിയല്ല. ഏതുപോലെയാണോ ആരെങ്കിലും ഇന്നെനിക്ക് പുറത്തേക്ക് പോകാൻ തോന്നുന്നില്ല എന്ന് പറയുന്നത്, പ്രേരണ അർത്ഥം തോന്നൽ. പ്രേരണക്ക് മറ്റൊരർത്ഥവുമില്ല. പരമാത്മാവ് ഒരു പ്രേരണയിലൂടെയുമല്ല കാര്യം നടത്തുന്നത്. പ്രേരണയിലൂടെ ജ്ഞാനവും ലഭിക്കുകയില്ല. ബാബ വരുന്നത് ഈ കർമ്മേന്ദ്രിയങ്ങളിലൂടെ പാർട്ടഭിനയിക്കാനാണ്. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമല്ലേ. ചെയ്യിപ്പിക്കുന്നത് കുട്ടികളെക്കൊണ്ടാണ്. ശരീരമില്ലാതെ ചെയ്യാൻ സാധിക്കില്ല. ഈ കാര്യങ്ങളെ ആരും തന്നെ അറിയുന്നില്ല. ഈശ്വരനായ ബാബയെത്തന്നെ അറിയുന്നില്ല. ഋഷി-മുനി തുടങ്ങിയവരും പറഞ്ഞിരുന്നത് ഈശ്വരനെ ഞങ്ങൾക്കറിയില്ല എന്നായിരുന്നു. ആത്മാവിനെക്കുറിച്ചോ, പരമാത്മാവിനെക്കുറിച്ചോ ആരിലും ജ്ഞാനമില്ല. ബാബയാണ് മുഖ്യമായ രചയിതാവ്, സംവിധായകൻ, നിർദ്ദേശവും നൽകുന്നു. ശ്രീമതം നൽകുന്നു. മനുഷ്യരുടെ ബുദ്ധിയിലാണെങ്കിൽ സർവ്വവ്യാപിയുടെ ജ്ഞാനമാണുള്ളത്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ബാബ നമ്മുടെ അച്ഛനാണ്, അവർ സർവ്വവ്യാപിയെന്ന് പറയുന്നതു കൊണ്ട് ബാബയെ മനസ്സിലാക്കാനേ സാധിക്കില്ല. നിങ്ങൾക്കറിയാം ഇത് പരിധിയില്ലാത്ത അച്ഛന്റെ കുടുംബമാണ്. സർവ്വവ്യാപിയെന്ന് പറയുന്നതിലൂടെ കുടുംബത്തിന്റെ സുഗന്ധം വരില്ല. അവരെ പറയുന്നത് നിരാകാരനായ ശിവപിതാവെന്നാണ്. നിരാകാരികളായ ആത്മാക്കളുടെ അച്ഛൻ. ശരീരമുള്ളപ്പോഴാണ് ആത്മാക്കൾ ബാബയെന്ന് പറയുന്നത്. ശരീരമില്ലാതെ ആത്മാവിന് സംസാരിക്കാൻ സാധിക്കില്ല. ഭക്തി മാർഗ്ഗത്തിൽ വിളിച്ച് വിളിച്ച് വന്നു. മനസ്സിലാക്കുന്നുണ്ട് ആ പിതാവ് ദുഃഖഹർത്താ-സുഖ കർത്താവാണ്. സുഖം ലഭിക്കുന്നത് സുഖധാമത്തിലാണ്. ശാന്തി ലഭിക്കുന്നത് ശാന്തിധാമത്തിലാണ്. ഇവിടെയുള്ളത് ദുഃഖം മാത്രമാണ്. ഈ ജ്ഞാനം

നിങ്ങൾക്ക് ലഭിക്കുന്നത് സംഗമത്തിലാണ്. പഴയതിന്റെയും പുതിയതിന്റെയും ഇടയിൽ. ബാബ വരുന്നത് തന്നെ എപ്പോഴാണോ പുതിയതിന്റെ സ്ഥാപനയും പഴയതിന്റെ വിനാശവും സംഭവിക്കേണ്ടത് അപ്പോഴാണ്. ആദ്യം എപ്പോഴും പുതിയതിന്റെ സ്ഥാപനയെന്ന് പറയണം. ആദ്യം തന്നെ പഴയതിന്റെ വിനാശമെന്ന് പറയുന്നത് തെറ്റാണ്. ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത നാടകത്തിന്റെ ജ്ഞാനം ലഭിക്കുന്നു. ഏതുപോലെയാണോ ലോകത്തിലെ നാടകത്തിൽ അഭിനേതാക്കൾ വരുമ്പോൾ വീട്ടിൽ നിന്ന് സാധാരണ വസ്ത്രം ധരിച്ചാണ് വരുന്നത് പിന്നീട് നാടകത്തിലേക്ക് വന്ന് വസ്ത്രം മാറ്റുന്നു. പിന്നീട് നാടകം പൂർത്തിയായാൽ ആ വസ്ത്രം അഴിച്ച് വീട്ടിലേക്ക് പോകുന്നു. ഇവിടെ നിങ്ങൾ ആത്മാക്കൾക്ക് വീട്ടിൽ നിന്ന് അശരീരിയായി വരണം. ഇവിടെ വന്ന് ഈ ശരീരമാകുന്ന വസ്ത്രം ധരിക്കുന്നു. ഓരോരുത്തർക്കും അവരവരുടെ ഭാഗം ലഭിച്ചിട്ടുണ്ട്. ഇതാണ് പരിധിയില്ലാത്ത നാടകം. ഇപ്പോൾ ഈ പരിധിയില്ലാത്ത മുഴുവൻ ലോകവും പഴയതാണ് വീണ്ടും പുതിയതാകും. പുതിയത് വളരെ ചെറുതാണ്, ഏക ധർമ്മമാണ്. നിങ്ങൾ കുട്ടികൾ ഈ പഴയ ലോകത്തിൽ നിന്ന് പുറത്ത് കടന്ന് പിന്നീട് പരിധിയുള്ള ലോകത്തിൽ വരണം എന്തുകൊണ്ടെന്നാൽ അവിടെ ഒരു ധർമ്മമാണുള്ളത്. അനേക ധർമ്മം, അനേക മനുഷ്യരുണ്ടാകുന്നതിലൂടെയാണ് പരിധിയില്ലാത്തതാകുന്നത്. അവിടെയുള്ളത് ഒരേ ഒരു ധർമ്മവും, വളരെക്കുറച്ച് മനുഷ്യരുമാണ്. ഒരു ധർമ്മത്തിന്റെ സ്ഥാപനക്കായി വരേണ്ടതായുണ്ട്. നിങ്ങൾ കുട്ടികൾ ഈ പരിധിയില്ലാത്ത നാടകത്തിന്റെ രഹസ്യത്തെ അതായത് ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് മനസ്സിലാക്കുന്നു. ഈ സമയം എന്താണോ പ്രത്യക്ഷത്തിൽ നടക്കുന്നത് പിന്നീട് ഭക്തി മാർഗ്ഗത്തിൽ ഇതിന്റെ തന്നെ ഉത്സവങ്ങളാണ് ആഘോഷിക്കുന്നത്. പ്രഥമസ്ഥാനത്തുള്ള ഉത്സവങ്ങൾ ഏതെല്ലാമാണ്, ഇതും നിങ്ങൾ കുട്ടികൾക്കറിയാം. ഉയർന്നതിലും ഉയർന്നതെന്ന് ഭഗവാൻ ശിവബാബയുടെ ജയന്തിയെ പറയും. ബാബ എപ്പോഴാണോ വരുന്നത് അതിന് ശേഷമാണ് മറ്റെല്ലാ ആഘോഷങ്ങളും ഉണ്ടാകുന്നത്. ഏറ്റവും ആദ്യം ശിവബാബ വന്ന് ഗീത കേൾപ്പിക്കുന്നു അതായത് ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. യോഗവും അഭ്യസിപ്പിക്കുന്നു. അതിനോടൊപ്പം നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഏറ്റവും ആദ്യം ബാബ വന്നു ശിവജയന്തി ഉണ്ടായി പിന്നീട് പറയും ഗീതാ ജയന്തി. ആത്മാക്കളെ ജ്ഞാനം കേൾപ്പിച്ചു അപ്പോൾ ഗീതാ ജയന്തി ഉണ്ടായി. നിങ്ങൾ കുട്ടികൾ ചിന്തിച്ച് ഉത്സവങ്ങളെ നമ്പർവൈസായി എഴുതൂ. നമ്മുടെ ധർമ്മത്തിലുള്ളവരേ ഈ കാര്യങ്ങളെ മനസ്സിലാക്കുകയുമുള്ളൂ. ഓരോരുത്തർക്കും സ്വന്തം ധർമ്മം പ്രിയപ്പെട്ടതായിരിക്കും. മറ്റ് ധർമ്മത്തിലുള്ളവരുടെ കാര്യമേയില്ല. ഇനി ആർക്കെങ്കിലും മറ്റ് ധർമ്മങ്ങൾ പ്രിയപ്പെട്ടതായി തോന്നിയാലും അതിലേക്ക് വരാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ മറ്റ് ധർമ്മത്തിലുള്ളവർക്ക് വരാനേ സാധിക്കില്ല. വൃക്ഷത്തിൽ തീർത്തും വ്യക്തമായുണ്ട്. ഏതേത് ധർമ്മം ഏത് സമയത്താണോ വരുന്നത് വീണ്ടും ആ സമയത്ത് വരും. ആദ്യം ബാബ വരുന്നു, ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നു അതുകൊണ്ട് പറയും ശിവജയന്തിയിൽ നിന്ന് ഗീതാജയന്തി പിന്നീട് നാരായണജയന്തി. അത് സത്യയുഗമാകുന്നു. അതും നമ്പർവൈസായി എഴുതണം. ഇത് ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. ശിവജയന്തി എപ്പോഴാണുണ്ടായത് അതറിയില്ല, ജ്ഞാനം കേൾപ്പിച്ചു അതിനെ ഗീതാജയന്തിയെന്ന് പറയുന്നു പിന്നീട് വിനാശവും ഉണ്ടാകുന്നു. ജഗദംബ മുതലായവരുടെ ജയന്തിക്ക് അവധിയില്ല. മനുഷ്യന് ആരുടെയും തിയതിയും സമയവും തീർത്തും അറിയില്ല. ലക്ഷ്മീ-നാരായണൻ, രാമൻ-സീതയുടെ രാജ്യത്തെത്തന്നെ അറിയുന്നില്ല. 2500 വർഷത്തിനുള്ളിൽ ആര് വന്നോ അവരെ അറിയാം എന്നാൽ അവർക്കും മുൻപ് ആദി സനാതന ദേവീ-ദേവതകൾ ആരാണോ ഉണ്ടായിരുന്നത്, അവർ പോയിട്ട് എത്ര സമയമായി, ഒന്നും അറിയില്ല. അയ്യായിരം വർഷത്തേക്കാളും വലിയ കൽപം ഉണ്ടാകുകയില്ല. പകുതി സമയത്തിൽ വളരെയധികം സംഖ്യ വന്നു കഴിഞ്ഞു, മറു പകുതിയിൽ ഇവരുടെ രാജ്യമായിരുന്നു. പിന്നീട് എങ്ങനെ കൽപത്തിന്റെ വർഷം കൂടുന്നത് സാധ്യമാകും. 84 ലക്ഷം ജന്മങ്ങളും സാധ്യമല്ല. മനുഷ്യർ മനസ്സിലാക്കുന്നത് കലിയുഗത്തിന്റെ ആയുസ്സ് ലക്ഷം വർഷങ്ങളെന്നാണ്. മനുഷ്യരെ അന്ധകാരത്തിലാക്കിയിരിക്കുന്നു. മുഴുവൻ നാടകവും അയ്യായിരം വർഷം എന്നതും എവിടെക്കിടക്കുന്നു, കേവലം കലിയുഗത്തിന് മാത്രം നാല്പതിനായിരം വർഷം ബാക്കിയെന്ന് പറയുന്നത് എവിടെക്കിടക്കുന്നു. എപ്പോഴാണോ യുദ്ധം നടക്കുന്നത് അപ്പോൾ മനസ്സിലാക്കുന്നു ഭഗവാന് വരേണ്ടതായുണ്ട് എന്നാൽ ഭഗവാന് വരേണ്ടത് സംഗമത്തിലാണ്. മഹാഭാരതയുദ്ധം നടക്കുന്നത് സംഗമത്തിൽത്തന്നെയാണ്. ബാബ പറയുന്നു ഞാൻ കൽപ-കൽപം സംഗമത്തിലാണ് വരുന്നത്. പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ചെയ്യിക്കാൻ ബാബ വരും. പുതിയ ലോകത്തിന്റെ സ്ഥാപന സംഭവിച്ചാൽ പഴയതിന്റെ വിനാശവും തീർച്ചയായും ഉണ്ടാകും, അതിന് വേണ്ടിയാണ് ഈ യുദ്ധം. ഇതിൽ ശങ്കരന്റെ പ്രേരണ മുതലായ ഒരു കാര്യവുമില്ല. പഴയ ലോകം ഇല്ലാതാകും ഇത് നിശ്ചിതമാണ്. കെട്ടിടം മുതലായവയെല്ലാം ഭൂകമ്പങ്ങളിൽ ഇല്ലാതാകും എന്തുകൊണ്ടെന്നാൽ പുതിയ ലോകം വേണം. തീർത്തും പുതിയ ലോകമായിരുന്നു. ഡൽഹി പരിസ്ഥാനായിരുന്നു, യമുനയുടെ തീരമായിരുന്നു. ലക്ഷ്മീ-നാരായണന്റെ രാജ്യമായിരുന്നു. ചിത്രവുമുണ്ട്. ലക്ഷ്മീ-നാരായണനെ സ്വർഗ്ഗത്തിലേതെന്ന് തന്നെ പറയും. എങ്ങനെയാണ് സ്വയംവരം

നടക്കുന്നതെന്ന് നിങ്ങൾ കുട്ടികൾ സാക്ഷാത്ക്കാരവും ചെയ്തിട്ടുണ്ട്. ഈ എല്ലാ പോയന്റുകളും ബാബ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. പോയന്റുകൾ ഓർമ്മ വരുന്നില്ലെങ്കിൽ ശരി ബാബയെ ഓർമ്മിക്കൂ. അച്ഛനെ മറക്കുകയാണെങ്കിൽ ടീച്ചറെ ഓർമ്മിക്കൂ. ടീച്ചർ എന്താണോ പഠിപ്പിക്കുന്നത് അതും തീർച്ചയായും ഓർമ്മ വരില്ലേ. ടീച്ചറെയും ഓർമ്മയുണ്ടായിരിക്കും, ജ്ഞാനവും ഓർമ്മയുണ്ടായിരിക്കും. ലക്ഷ്യവും ബുദ്ധിയിലുണ്ട്. ഓർമ്മ വെക്കേണ്ടതുണ്ട് എന്തുകൊണ്ടെന്നാൽ നിങ്ങളുടേത് വിദ്യാർത്ഥി ജീവിതമല്ലേ. ഇതും അറിയാം ആരാണോ നമ്മളെ പഠിപ്പിക്കുന്നത് അത് നമ്മുടെ അച്ഛനുമാണ്, ലൗകീക അച്ഛൻ അപ്രത്യക്ഷമാകുന്നില്ല. ലൗകികം, പാരലൗകികം, പിന്നീടിത് അലൗകികം. ഇദ്ദേഹത്തെ ആരും ഓർമ്മിക്കുന്നില്ല. ലൗകിക അച്ഛനിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. അന്ത്യം വരെ ഓർമ്മയുണ്ടായിരിക്കുന്നു. ശരീരം ഉപേക്ഷിച്ചു പിന്നീട് അടുത്ത അച്ഛനെ ലഭിക്കുന്നു. ഓരോരോ ജന്മങ്ങളിലും ലൗകിക അച്ഛനെ ലഭിക്കുന്നു. പാരലൗകിക അച്ഛനെയും ദുഃഖത്തിലോ സുഖത്തിലോ ഓർമ്മിക്കുന്നുമുണ്ട്. കുട്ടിയെ ലഭിച്ചാൽ പറയും ഈശ്വരൻ കുട്ടിയെ തന്നു. ബാക്കി പ്രജാപിതാ ബ്രഹ്മാവിനെ എന്തിനോർമ്മിക്കണം, ഇദ്ദേഹത്തിൽ നിന്ന് ഒന്നും ലഭിക്കുന്നില്ല. ഇദ്ദേഹത്തെ അലൗകികമെന്ന് പറയുന്നു.

നിങ്ങൾക്കറിയാം നമ്മൾ ബ്രഹ്മാവിലൂടെ ശിവബാബയിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുന്നു. ഏതുപോലെയാണോ നമ്മൾ പഠിക്കുന്നത്, ഈ രഥവും നിമിത്തമായിരിക്കുകയാണ്. വളരെ ജന്മങ്ങളുടെ അന്ത്യത്തിൽ ഇദ്ദേഹത്തിന്റെ തന്നെ ശരീരം രഥമായിരിക്കുന്നു. രഥത്തിന് പേര് വെക്കേണ്ടി വരുമല്ലോ. ഇതാണ് പരിധിയില്ലാത്ത സന്യാസം. രഥം സ്ഥിരമായിത്തന്നെയിരിക്കുന്നു, എന്നാൽ രണ്ടാമതൊരാൾക്ക് സ്ഥലമില്ല. അടിക്കടി ഓടിപ്പോകുന്നു. ഈ രഥം ഡ്രാമയനുസരിച്ച് വിശേഷപ്പെട്ടതാണ്, ഇതിനെ പറയുന്നത് തന്നെ ഭാഗ്യശാലി രഥമെന്നാണ്. നിങ്ങളെല്ലാവരെയും ഭാഗ്യശാലീ രഥമെന്ന് പറയില്ല. ഭാഗ്യശാലീ രഥം ഒന്നാണ്, അതിലാണ് ബാബ വന്ന് ജ്ഞാനം നൽകുന്നത്. സ്ഥാപനയുടെ കാര്യം ചെയ്യിപ്പിക്കുന്നു. നിങ്ങൾ ഭാഗ്യശാലീ രഥമല്ല. നിങ്ങളുടെ ആത്മാവ് ഈ രഥത്തിലിരുന്ന് പഠിക്കുന്നു. ആത്മാവ് പവിത്രമായി മാറുന്നു അതുകൊണ്ട് ആരാണോ ഈ ശരീരത്തിലിരുന്ന് പഠിപ്പിക്കുന്നത് അവരിലാണ് സമർപ്പണം. ഈ അന്തിമ ജന്മം വളരെ അമൂല്യമാണ് പിന്നീട് ശരീരം മാറി നമ്മൾ ദേവതയാകും. ഈ പഴയ ശരീരത്തിലൂടെയാണ് നിങ്ങൾ പഠിപ്പ് നേടുന്നത്. ശിവബാബയുടേതാകുന്നത്. നിങ്ങൾക്കറിയാം നമ്മുടെ ആദ്യത്തെ ജീവിതം കാലണക്ക് വിലയില്ലാത്തതായിരുന്നു. ഇപ്പോൾ പൗണ്ടായിക്കൊണ്ടിരിക്കുന്നു. എത്രത്തോളം പഠിക്കുന്നോ അത്രയും ഉയർന്ന പദവി നേടും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഓർമ്മയുടെ യാത്രയാണ് മുഖ്യം. ഇതിനെത്തന്നെയാണ് ഭാരതത്തിന്റെ പ്രാചീനയോഗമെന്ന് പറയുന്നത് അതിലൂടെ നിങ്ങൾ പതിതത്തിൽ നിന്നും പാവനമാകുന്നു, എല്ലാവരും സ്വർഗ്ഗവാസികളായി മാറും പിന്നീടുള്ളതിന്റെ ആധാരം പഠിപ്പിലാണ്. നിങ്ങൾ പരിധിയില്ലാത്ത സ്കൂളിലാണ് ഇരിക്കുന്നത്. നിങ്ങൾ തന്നെ പിന്നീട് ദേവതയാകും. ഉയർന്ന പദവി ആർക്ക് നേടാൻ സാധിക്കുമെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. അവരുടെ യോഗ്യത എന്തായിരിക്കണം. മുൻപ് നമ്മളിലും യോഗ്യത ഇല്ലായിരുന്നു. ആസുരീയ മതത്തിലായിരുന്നു. ഇപ്പോൾ ഈശ്വരീയ മതം ലഭിക്കുന്നു. ആസുരീയ മതത്തിലൂടെ നമ്മൾ താഴ്ചയുടെ കലയിലേക്ക് പോകുന്നു. ഈശ്വരീയ മതത്തിലൂടെ ഉയർച്ചയുടെ കലയിലേക്ക് പോകുന്നു. ഈശ്വരീയ മതം നൽകുന്നത് ഒരാളാണ്, ആസുരീയ മതം നൽകുന്നവർ അനേകമുണ്ട്. മാതാ-പിതാ, സഹോദരീ-സഹോദരൻ, ടീച്ചർ-ഗുരു എത്ര പേരുടെ മതമാണ് ലഭിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് ഒരാളുടെ നിർദ്ദേശം ലഭിക്കുന്നു അത് 21 ജന്മം പ്രയോജനത്തിൽ വരും. എങ്കിൽ ഇങ്ങനെയുള്ള ശ്രീമതത്തിലൂടെ നടക്കണ്ടേ. എത്രത്തോളം നടക്കുന്നോ അത്രത്തോളം ഉയർന്ന പദവി നേടും. കുറച്ചേ നടക്കുന്നുള്ളൂവെങ്കിൽ കുറഞ്ഞ പദവി നേടും. ശ്രീമതം അത് ഭഗവാന്റേത് മാത്രമാണ്. ഉയർന്നതിലും ഉയർന്നത് ഭഗവാൻ മാത്രമാണ്, അവരാണ് കൃഷ്ണനെ ഉയർന്നതിലും ഉയർന്നതാക്കിയത് പിന്നീട് താഴ്ന്നതിലും താഴ്ന്നതാക്കിയത് രാവണനാണ്. ബാബ വെളുത്തതാക്കുന്നു രാവണൻ കറുത്തതാക്കുന്നു. ബാബ സമ്പത്താണ് നൽകുന്നത്. ദേവത നിർവ്വികാരിയാണ്. ദേവതകളുടെ മഹിമ പാടാറുണ്ട് സർവ്വഗുണ സമ്പന്നം. . . . . സന്യാസിമാരെ സമ്പൂർണ്ണ നിർവ്വികാരിയെന്ന് പറയില്ല. സത്യയുഗത്തിൽ ആത്മാവും ശരീരവും രണ്ടും പവിത്രമായിരിക്കും. ദേവതകളെ എല്ലാവർക്കുമറിയാം, അവർ സമ്പൂർണ്ണ നിർവ്വികാരികളായതു കാരണം സമ്പൂർണ്ണ വിശ്വത്തിന്റെ അധികാരികളാകുന്നു. ഇപ്പോഴല്ല, പിന്നീട് നിങ്ങൾ ആയിത്തീരുന്നു. ബാബയും സംഗമയുഗത്തിൽത്തന്നെയാണ് വരുന്നത്. ബ്രഹ്മാവിലൂടെ ബ്രാഹ്മണർ. നിങ്ങളെല്ലാവരും ബ്രഹ്മാവിന്റെ കുട്ടികളാണ്. അതാണ് മുതു-മുതു മുത്തച്ഛൻ. പറയൂ പ്രജാപിതാ ബ്രഹ്മാവിന്റെ പേര് കേട്ടിട്ടില്ലേ? പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ തന്നെയല്ലേ സൃഷ്ടി രചിക്കുക. ബ്രാഹ്മണ കുലമാണ്. ബ്രഹ്മാ മുഖ വംശാവലി സഹോദരീ-സഹോദരന്മാരാണ്. ഇവിടെ രാജാവിന്റെയും-റാണിയുടെയും കാര്യമില്ല. ഈ ബ്രാഹ്മണ കുലം സംഗമയുഗത്തിൽ കുറച്ച് സമയം മാത്രം നടക്കുന്നതാണ്. പാണ്ഢവരുടെ രാജധാനിയുമില്ല, കൗരവരുടെ രാജധാനിയുമില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യസാരം-

1) 21 ജന്മം ശ്രേഷ്ഠ പദവിയുടെ അധികാരിയാകുന്നതിന് വേണ്ടി എല്ലാ ആസുരീയ മതങ്ങളെയും ഉപേക്ഷിച്ച് ഒരു ഈശ്വരീയ മതത്തിലൂടെ നടക്കണം. സമ്പൂർണ്ണ നിർവ്വികാരിയാകണം.

2) ഈ പഴയ ശരീരത്തിലിരുന്ന് ബാബയുടെ നിർദ്ദേശങ്ങളെ ധാരണ ചെയ്ത് ദേവതയാകണം. ഇത് വളരെ അമൂല്യമായ ജീവിതമാണ്, ഇതിൽ മൂല്യമുള്ള പൗണ്ടാകണം.

## വരദാനം- സർവ്വാത്മാക്കൾക്കും യഥാർത്ഥവും അവിനാശിയുമായ ആശ്രയം നൽകുന്ന ആധാരമൂർത്തികളും ഉദ്ധാരമൂർത്തികളുമായി ഭവിക്കട്ടെ.

വർത്തമാനസമയത്ത് വിശ്വത്തിന്റെ നാനാഭാഗത്തും ഏതെങ്കിലും വിധത്തിലുള്ള ഇളക്കങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.ചിലർക്ക് മനസ്സിന്റെ ടെൻഷൻ കാരണമുള്ള ഇളക്കങ്ങളും മറ്റുചിലർ പ്രകൃതിയുടെ തമോപ്രധാനവായുമണ്ഢലം കാരണമുള്ള ഇളക്കങ്ങളും അനുഭവിക്കുന്നു. അൽപകാലസുഖത്തിന്റെ സാമഗ്രികൾ എല്ലാവരെയും ചിന്തയുടെ ചിതയിലാക്കുന്നു.അതിനാൽ അൽപകാലത്തെ ആധാരങ്ങളിലും പ്രാപ്തികളിലും വിധികളിലും മടുത്ത് യഥാർത്ഥമായ ആശ്രയം തേടുകയാണ്.അതുകൊണ്ട് താങ്കൾ ആധാരമൂർത്തരും ഉദ്ധാരമൂർത്തരുമായ ആത്മാക്കൾ അവർക്ക് ശ്രേഷ്ഠ അവിനാശി പ്രാപ്തികളുടെ യഥാർത്ഥവും വാസ്തവവും അവിനാശിയുമായ ആശ്രയത്തിന്റെ അനുഭൂതി ചെയ്യിക്കണം.

## സ്ലോഗൻ-സമയം അമൂല്യമായ ഖജനാവാണ് അതിനാൽ സമയത്തെ നഷ്ടപ്പെടുത്തുന്നതിനുപകരം പെട്ടെന്ന് തീരുമാനങ്ങളെടുത്ത് സഫലമാക്കൂ.

**അവ്യക്തസൂചന-ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തിനെ ജ്വാലാരൂപമാക്കി മാറ്റൂ.** എങ്ങിനെയാണോ സൂര്യന്റെ കിരണങ്ങൾ ചുറ്റും പരക്കുന്നത് അതുപോലെ മാസ്റ്റർ സർവ്വശക്തിവാന്റെ സ്റ്റേജിൽ ഇരുന്നുകൊണ്ട് ശക്തികളുടേയും വിശേഷതകളുടേയും കിരണങ്ങൾ നാനാഭാഗത്തേക്കും വ്യാപിക്കുന്നതായി അനുഭവം ചെയ്യുക.ഇതിനായി ഞാൻ മാസ്റ്റർ സർവ്വശക്തിവാനാണ്, വിഘ്നവിനാശകനാണ് എന്ന സ്വമാനത്തിന്റെ സ്മൃതിയുടെ സീറ്റിൽ സ്ഥിതി ചെയ്തുകൊണ്ട് കാര്യങ്ങൾ ചെയ്താൽ വിഘ്നങ്ങൾ അടുത്തേക്കുപോലും വരികയില്ല.